പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം

5 (788)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനായി 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുക വകയിരുത്തിയിരുന്നു;

(ബി) എന്തു തുക ഓരോ വർഷവും ചെലവായിട്ടുണ്ട്;

(സി) എത്ര വീടുകൾ വീതം ഓരോ ജില്ലയിലും ഓരോ വർഷവും നിർമ്മിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് 1997-98 വർഷം 2587.68 ലക്ഷം രൂപയും, 1998-99 വർഷം 2984.585 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പട്ടികവർഗ്ഗക്കാർക്ക് 1997-98, 1998-99 എന്നീ വർഷങ്ങളിൽ 200 ലക്ഷം രൂപ വീതവും വകയിരുത്തിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിനായി വകയിരുത്തിയ തുകയുടെ കണക്ക് ലഭ്യമല്ല.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആദിവാസി കോളനികളിലെ സാംക്രമിക രോഗം

6 (789)ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി കോളനികളിൽ സാംക്രമിക രോഗം പടർന്നുപിടിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രോഗബാധ എവിടെയെല്ലാം ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) എന്തൊക്കെ നടപടികളാണ് രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ ചില പട്ടിക വർഗ്ഗ മേഖലകളിൽ.

(സി) പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പരിപാലനത്തിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗ കോളനികളിൽ 64 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും വയനാട്, അട്ടപ്പാടി, ഇടുക്കി എന്നീ സ്ഥലങ്ങളിൽ ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിൻകീഴിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും അഞ്ച് മിഡ്വൈഫറി കേന്ദ്രങ്ങളും 17 ആയുർവേദ ഡിസ്പെൻസറികളും 3

LIBRARY ARCHIVES Kerala Legislative Assembly